(ബി) ഇങ്ങനെ നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിൽ തടി സ്റ്റോക്കു ചെയ്യണമെന്ന് കോൺട്രാക്റ്റർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) സർക്കാരിന്റെ നിർദ്ദേശങ്ങളും അവഗണിച്ചുകൊണ്ട് സർക്കാർ നിശ്ചയിച്ച സ്ഥലത്തു തടികളും സ്റ്റോക്കു ചെയ്യാത്തതിനെക്കുറിച്ച് വല്ല പരാതിയും ഗവൺമെന്റിലേക്ക് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സർക്കാർ എടുത്തിട്ടുള്ളത്?

ഉത്തരം

(എ) 36 സർക്കാർ തടി ഡിപ്പോകളാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) പരാതികളിൻമേൽ ആവശ്യമായ നടപടികളും സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് അപ്പോഴപ്പോൾ നിർദ്ദേശം നൽകിയിട്ടുണ്ട്.

വനങ്ങളിലെ എം. എഫ്. പി. കളക്ഷൻ

753 [1106] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ വനങ്ങളിലെ എം. എഫ്. പി. കളക്ഷൻ ഹരിജൻ–ഗിരിജന സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(ബി) ഗിരിജനങ്ങളുടെ പേരിൽ നടത്തുന്ന ഇത്തരം സഹകരണസംഘങ്ങൾ മൂലം യഥാർത്ഥത്തിൽ ഈ വിഭാഗത്തിന് യാതൊരു പ്രയോജനവും ലഭിക്കുന്നില്ലെന്നുള്ള യാഥാർത്ഥ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ചാലക്കുടി ഡിവിഷനിലെ പരിയാരം, ചാഴച്ചാൽ, ഷോളയാർ എന്നീ റെയിഞ്ചുകളും ഒഴിച്ചുള്ള സംസ്ഥാനത്തെ മറ്റെല്ലാ റെയിഞ്ചുകളിലേയും ചെറു വന വിഭവങ്ങൾ ശേഖരിക്കുവാനുള്ള 1978-79 ലെ അവകാശം ഗിരിജന സഹകരണ സംഘങ്ങൾക്കു നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലംകൂടി പ്രൊബേഷനായി കണക്കാക്കുന്നത് സംബന്ധിച്ച നിവേദനം

754 [1108] ശ്രീ. പി. ബാലൻ:

ശ്രീ. പി. എം. അബുബക്കർ:

ശ്രീ. ജി. പി. മംഗലത്തുമഠം:

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലംകൂടി പ്രൊബേഷനായി കണക്കാക്കുന്നതു സംബന്ധിച്ച് ഫോറസ്റ്റ് റെയിഞ്ചാഫീസർമാരായി നിയമിക്കപ്പെട്ടവരിൽ നിന്ന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ബി) തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലം പ്രൊബേഷനായി കണക്കാക്കാറുണ്ടോ എന്നാരായുന്നതിനായി ഗവൺമെൻറ് ലവലിലോ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലവലിലോ എന്തെങ്കിലും എഴുത്തു കുത്തു നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ സംസ്ഥാനങ്ങളിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടിക്രമമെന്താണ്?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്, അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഗവൺമെൻറ് നിർദ്ദേശിച്ചതനുസരിച്ച് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ നടപടി ക്രമങ്ങളെപ്പറ്റി അന്വേഷിക്കുകയുണ്ടായി. തമിഴ്നാട്ടിൽ പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലയളവ് പ്രൊബേഷൻറെ ഭാഗമായി കണക്കാക്കി വരികയാണ്. ആന്ധ്രാപ്രദേശിൽ തൃപ്തികരമായി റെയിഞ്ചേഴ്സ് കോഴ്സ് കഴിഞ്ഞു വരുന്ന ട്രെയിനികളെ ഡിപ്പാർട്ടുമെൻറിൽ റെയിഞ്ചർമാരായി നിയമിക്കുകയും ആദ്യത്തെ ഒരു വർഷം റെയിഞ്ചർമാരുടെ അസിസ്റ്റൻറ് ആയി നിയമിക്കുകയും ഈ ഒരു വർഷക്കാലയളവ് പ്രൊബേഷനായി കണക്കാക്കുകയുമാണ് ചെയ്യുന്നത്.

പട്ടയ വസ്തുക്കളിൽ ഉടമ വച്ചു പിടിപ്പിച്ചിരിക്കുന്ന മരങ്ങൾ വെട്ടി മാറ്റുന്നതിന് പാസ്

755 [1110] ശ്രീ. സി. എ. കുര്യൻ:

ശ്രീ. പി. ശങ്കർ:

ശ്രീ. എം. കെ. കേശവൻ:

ശ്രീ. വി. കെ. രാജൻ:

ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ വസ്തുക്കളിൽ ഉടമ വച്ചു പിടിപ്പിച്ചിരിക്കുന്ന മരങ്ങൾ വെട്ടി മാറ്റുന്നതിന് സീനിയറേജ് കൊടുത്താൽ മാത്രമേ പാസ് കൊടുക്കുകയുള്ളുവെന്ന് പറയുന്നതിൻറെ കാരണം എന്താണ്;

(ബി) ഹൈറേഞ്ച് പ്രദേശങ്ങളിൽ പട്ടയ വസ്തുക്കളിൽ നിന്ന് കൃഷിക്കാർ വച്ചു പിടിപ്പിച്ച മരം വെട്ടി മാറ്റിക്കൊണ്ടു പോകുവാൻ സീനിയറേജ് ആവശ്യപ്പെട്ടിരിക്കുന്നത് ശരിയാണോ;

(സി) ഇപ്രകാരമുള്ള പല കേസ്സുകളിൽ സീനിയറേജ് ഈടാക്കിയത് തെറ്റാണെന്നും അതു തിരികെ കൊടുക്കുവാനും ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly